കേരള സർക്കാർ

DIRECTORATE OF COLLEGIATE EDUCATION
22 JUL 2016
THIRUVANANTHAPURAM

എഫ് 1/107/2016/ഉ.വി.വ

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്
തിരുവനന്തപുരം
തീയതി: 13.07.16

026455

പ്രിൻസിപ്പൽ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - 01.04.2013 - ന ശേഷം ബൈ ട്രാൻസ്ഫർ മുഖേന ഫുൾ ടൈം തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭ്യമായ ജീവനക്കാരെ - സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതി - സംബന്ധിച്ച്.

സൂചന :- താങ്കളുടെ 08.04.2016 ലെ സി6/9746/2015/കോ.വി.വ നമ്പർ കത്ത്.

********

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 01.04.2013 ന ശേഷം ബൈ പ്രൊമോഷൻ വഴി ഫുൾടൈം നിയമനം ലഭിക്കുന്നവർ ജി.ഒ(പി)20/2013/ധന. തീയതി 07.01.2013 പ്രകാരം എൻ.പി.എസ് ഉൾപ്പെട്ടതിനാൽ ടിയാളുകൾക്ക് സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിലേയ്ക്ക് ഓപ്ഷൻ നൽകാൻ സാധ്യമല്ല എന്ന് സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 01.04.2013 ന ശേഷം ഫുൾടൈം തസ്തികയിൽ നിയമിതരായ പാർട്ട് ടൈം ജീവനക്കാർ തങ്ങളെ എൻ.പി.എസിൽ നിന്ന് ഒഴിവാക്കണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. ഫുൾടൈം പ്രൊമോഷൻ ലഭിക്കുന്നതിന് സമ്മതമാണെന്നും 56 വയസ്സിൽ പിരിഞ്ഞു പോകാമെന്നുമുള്ള സമ്മതപത്രമാണ് ജോലിയിൽ പ്രവേശിച്ച സമയത്ത് ടിയാളുകൾ സമർപ്പിച്ചിട്ടുള്ളത്. 01.04.2013 ന മുൻപ് പാർട്ട് ടൈം സർവ്വീസിൽ ഉടരുകയും 01.04.2013 ന ശേഷം ഫുൾടൈമായി നിയമിതരാവുകയും ചെയ്തവരെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തണമെന്ന വിഷയം, അവരുടെ കുറഞ്ഞ സേവനകാലം, കുറഞ്ഞ വരുമാനം എന്നിവ പരിഗണിച്ച് അനുഭാവപൂർവ്വമായ പരിഗണന അർഹിക്കുന്നുണ്ട് എന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. 07.01.ധനകാര്യ വകുപ്പ് അറിയിച്ച 2013 ലെ സ.ഉ(പി) നം.20/2013/ധനം പ്രകാരം 01.04.2013 മുതൽ സർവ്വീസിൽ നിയമിക്കപ്പെടുന്നവരും KSR ഭാഗം III പ്രകാരം പെൻഷൻ ലഭിക്കുമായിരുന്നവരെയുമാണ് ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 01.04.2013 ന മുമ്പ് KSR ഭാഗം III പ്രകാരം

പെൻഷൻ ലഭിക്കുമായിരുന്ന സർവ്വീസിൽ നിയമിക്കപ്പെട്ടവരും 01.04.2013 മുതൽ വീണ്ടും പുതിയ നിയമനം ലഭിക്കുന്നവരുമായ വിവിധ ജീവനക്കാരെ KSR ഭാഗം III പെൻഷൻ സ്കീമിൽ നിലനിർത്തികൊണ്ട് 07.05.2013 ലെ സ.ഉ(പി) നം.209/2013/ധനം ഉത്തരവായിരുന്നു. ഈ ഉത്തരവ് KSR പെൻഷന് അർഹതയുണ്ടായിരുന്ന ജീവനക്കാർക്ക് പുനർനിയമനം ലഭിക്കുമ്പോൾ പഴയ പെൻഷൻ നിലനിർത്തി കൊണ്ടുള്ളതാണ്. അതായത്, KSR ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമായിരിക്കെ 01.04.2013 മുതൽ പുനർനിയമനം ലഭിക്കുന്നവർക്ക് മാത്രമാണ് KSR ഭാഗം III പെൻഷൻ ആനുകൂല്യങ്ങൾ നിലനിർത്തി ഉത്തരവായിട്ടുള്ളത്. അതേസമയം, KSR ഭാഗം III ഇതര റൂളുകൾ പ്രകാരം പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുമായിരുന്ന വിഭാഗം ജീവനക്കാർക്ക് 01.04.2013 മുതൽ പുനർനിയമനം ലഭിക്കുന്ന പക്ഷം ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവർക്ക് പാർട്ട് ടൈം കണ്ടിജന്റ് റൂൾസ് ആണ് ബാധകമായിട്ടുള്ളത്. ആയതിനാൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ 01.04.2013 ന ശേഷം ഫുൾടൈം തസ്തികയിൽ നിയമിതരായ പാർട്ട് ടൈം ജീവനക്കാർ തങ്ങളെ എൻ.പി.എസിൽ നിന്ന് ഒഴിവാക്കണമെന്നും സ്റ്റാറ്റ്യൂട്ടറി പെൻഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിയ്ക്കണമെന്നുള്ള അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല എന്നും പരാമർശിത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അവർക്ക് അർഹതയില്ല എന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ
**മേരി ലാലി.സി.വൈ**
**ഗവ:അണ്ടർ സെക്രട്ടറി**
പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം.സി6/9746/2015/കോ.വി.വ തീയതി.30.07.2016

പകർപ്പ് എല്ലാ സ്ഥാപന മേധാവികളുടേയും അറിവിലേയ്ക്കും അനന്തര നടപടികൾക്കുമായി അയയ്ക്കുന്നു.

ഒപ്പ്/-,
കൃഷ്ണകുമാർ.റ്റി.വി,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

പകർപ്പ്:-
1. എല്ലാ ഗവണ്മെന്റ് കോളേജ്, പ്രിൻസിപ്പാൾമാർക്ക് / ഡെപ്യൂട്ടി ഡയറക്ടർ / ഗവണ്മെന്റ് കോളേജ് ഹോസ്റ്റൽ വാർഡന്മാർ
2. കരുതൽ ഫയൽ / നടപ്പ് ഫയൽ

/അംഗീകാരത്തോടെ/

സൂപ്രണ്ട്